വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ & ബി) 2010-11 ലെ തസ്തിക നിർണ്ണയംതന്നെ 2013-14-വും തുടരാവുന്നതാണെന്ന് 4-7-2014-ലെ സ.ഉ(പി) നം.124/14/പൊവിവ നമ്പർപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് ഒരേ അനുപാതം (1:45) തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായിവരുന്ന സർക്കാർ, എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി മാത്രം നോഷണലായി 1:30/1:35 അനുപാതം ഉപയോഗിക്കാവുന്നതാണ്. 2014-15-ലെ തസ്തികനിർണ്ണയം നടത്തിയതിനുശേഷം അധികമായി വരുന്ന അദ്ധ്യാപകരെ 29-11-2013-ലെ 313/13/പൊവിവ നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും 4-7-2014-ലെ സ.ഉ (പി) നം.124/2014/പൊവിവ ഉത്തരവിലെ ഭേദഗതി നിർദ്ദേശങ്ങൾക്കനുസൃതമായുമാണ് പുനർവിന്യസിക്കേണ്ടത്. അപ്രകാരം പുനർവിന്യസിച്ചതിനുശേഷവും അദ്ധ്യാപകർ അധികമായി വരുന്നുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തി ഒരു അദ്ധ്യാപകബാങ്ക് രൂപീകരിക്കുന്നതാണ്. അദ്ധ്യാപകബാങ്കിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച കൂടുതൽ വിശദമായ മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

മേൽപ്പാലങ്ങളും അടിപ്പാലങ്ങളും

23 (*683) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സ്റ്റേഷൻ, റെയിൽവേസ്റ്റേഷൻ, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്കുള്ള തിരക്കേറിയ റോഡുകളിൽ കാൽനടക്കാർക്കുവേണ്ടി മേൽപ്പാലങ്ങളും അടിപ്പാലങ്ങളും നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതിനായുള്ള പദ്ധതിയുടെ രൂപരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എത്ര നടപ്പാലങ്ങളാണ് പ്രസ്തുത പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ-സി) ബസ്സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള തിരക്കേറിയ റോഡുകളിൽ റോഡ്മുറിച്ചു കടക്കുന്നതിന് കാൽനടയാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുവേണ്ടി മേൽപ്പാലങ്ങളും അടിപ്പാതകളും നിർമ്മിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു പദ്ധതി 2013-14-ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. അതിന്റെ ആദ്യഘട്ടം എന്നുള്ള നിലയിൽ തിരുവനന്തപുരത്ത് തമ്പാനൂരിൽ റെയിൽവേ സ്റ്റേഷനേയും ബസ് സ്റ്റേഷനേയും തമ്മിൽ ബന്ധിപ്പിച്ച് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഒരു രൂപരേഖ തയ്യാറാക്കുകയുണ്ടായി. എന്നാൽ നിർദ്ദിഷ്ട മോണോറെയിൽ പദ്ധതിയുടെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം ആകാത്തതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. നാല്/ആറുവരിപ്പാത വികസനം പൂർത്തിയാക്കിയ ദേശീയപാത 47-ലെ ഇടപ്പള്ളി-മണ്ണുത്തി മേഖലയിൽ സ്പോൺസർഷിപ്പ് വ്യവസ്ഥയിൽ സ്കൈവാക്കുകൾ നിർമ്മിക്കുന്നതിന് ദേശീയപാതാ വികസന അതോറിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എം.സി. റോഡിന്റെ ചെങ്ങന്നൂർ-മുവാറ്റുപുഴ ഭാഗത്ത് തിരക്കേറിയ ഒമ്പത് സ്ഥലങ്ങളിൽ കാൽനടയാത്രക്കാർക്കായി മേൽപ്പാലം നിർമ്മിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ റോഡുവികസന പദ്ധതിയുടേയും വിശദമായ പദ്ധതി രേഖ തയ്യാറാക്കുമ്പോൾ കാൽനടക്കാർക്കുള്ള സുരക്ഷാ ക്രമീകരണങ്ങളും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്.എസ്.എ സംയോജിത വിദ്യാഭ്യാസ പദ്ധതി

24 (*684) ശ്രീ. വി. ചെന്താമരാക്ഷൻ :
ഡോ. ടി. എം. തോമസ് ഐസക് :
ഡോ. കെ. ടി. ജലീൽ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എ. സംയോജിത വിദ്യാഭ്യാസ പദ്ധതികൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ;

(ബി) പരിശീലനം നേടിയ റിസോഴ്സ് അദ്ധ്യാപകരെ യഥാസമയം നിയമിക്കാത്തതിനാൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാധാരണ വിദ്യാഭ്യാസങ്ങളിൽ പഠനം ശരിയായരീതിയിൽ നടത്താൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എയ്ഡഡ് പദവിക്കായി 100 ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ തികയ്ക്കാനായിട്ടുള്ള ശ്രമം പദ്ധതിയെ ലക്ഷ്യത്തിലെത്തിക്കാതെയും കുട്ടികൾക്ക് മറ്റൊരിടത്തും ശ്രദ്ധകിട്ടാതെയും പോകുന്നതിന് കാരണമാകുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly